# ORTHODOX SYRIAN SUNDAY SCHOOL ASSOCIATION OF THE EAST

## CLASS 9 (COMPETITIVEEXAM 2024)

**1) യെശയ്യാ പ്രവചന പുസ്തകത്തെ സംബന്ധിച്ചു ശരിയല്ലാത്ത പ്രസ്താവന ഏത് ?**

<u>**A) യെശയ്യാ പ്രവാചകൻ ബാബേൽ പ്രവാസികൾക്കൊപ്പം ജീവിച്ചിരുന്നു**</u>

B) നിങ്ങൾ പ്രാർത്ഥിക്കുമ്പോൾ ഞാൻ മുഖാമുഖം തിരിച്ചുകളയും എന്ന പ്രസ്താവന ഉണ്ട്

C) മാതാപിതാക്കളോടുള്ള വിശ്വസ്ത വിധേയത്വം പ്രധാന സന്ദേശമാണ്

D) ആഡംബരപ്രിയത്താൽ ജനം ശിക്ഷിക്കപ്പെടും എന്ന സന്ദേശമുണ്ട്

**2) തന്നിരിക്കുന്ന രാജാക്കന്മാരുടെ പേരുകളിൽ യെശയ്യാ പ്രവാചകന്റെ കാലത്തു അല്ലാത്ത പേര് തെരഞ്ഞെടുക്കുക**

<u>**A) കോരെശ്**</u>

B) ഉസ്സിയാ

C) ആഹാസ്

D) ഹെസക്കിയ

**3) ഹോശേയ പ്രവചനത്തിൽ പരാമർശിക്കുന്ന ഇസ്രയേലിലെ പ്രതികൂലാവസ്ഥായിൽ ഉൾപ്പെടാത്തത് തെരഞ്ഞെടുക്കുക**

<u>**A) രാജവാഴ്ച മൂലമുള്ള ആത്മീയ അപചയം**</u>

B) യിസ്രായേൽ നിലനില്പിനായി പുറജാതി രാജ്യങ്ങളെ ആശ്രയിച്ചത് ദൈവവുമായുള്ള ബന്ധത്തിന് തടസ്സമായി

C) സാമൂഹിക രംഗത്തെ അപചയം ജനത്തെ കുറ്റം വിധിക്കേണ്ട സാഹചര്യത്തിലേക്ക് നയിച്ചു

D) വ്യക്തി ജീവിതത്തിലെ അപചയം

**4) പ്രവാസത്തിൽ നിന്നും മടങ്ങിയെത്തിയ യിസ്രായേൽക്കാർ ദൈവാലയ നിർമ്മാണത്തിൽ ഏർപ്പെടണം എന്നുള്ള ദൈവകൽപന അറിയിച്ച പ്രവാചകൻ**

<u>**A) ഹഗ്ഗായി**</u>

B) ഓബദ്യാവ്

C) മലാഖി

D) ഹബക്കൂക്

**5) യെഹൂദന്മാരുടെ പ്രവാസ കാലത്തെ ക്കുറിച്ചു ഏറ്റവും ശരിയായത് തെരഞ്ഞെടുക്കുക**

<u>**A) യിസ്രായേൽ ജനങ്ങൾ 70 വർഷം ബാബിലോണിൽ അടിമകളായി ജീവിച്ചു**</u>

B) യിസ്രായേൽ ജനങ്ങൾ ദൈവകൽപന അനുസരിക്കാതെ ബാബിലോണിൽ ജീവിച്ചു

C) പ്രവാസകാലത്ത് ചിലപ്പോൾ മാത്രമേ ജറുസലേമിൽ പോകുവാൻ അവർക്ക് സാധിച്ചുള്ളു

D) വാഗ്ദത്ത ദേശത്തെക്കുറിച്ചുള്ള അവരുടെ വിശ്വാസം വർദ്ധിച്ചു

**6) യെഹൂദന്മാരുടെ പ്രവാസകാലത്തെ മതജീവിതവുമായി ബന്ധമില്ലാത്ത പ്രസ്താവന തെരഞ്ഞെടുക്കുക**

<u>**A) ദൈവാലയ ആരാധനയും യാഗാർപ്പണവും ശക്തമായി**</u>

B) സുനഗോഗ് ആരാധന ആരംഭിച്ചു

C) ശബ്ബത് ആചരണം ശക്തമായി

D) ന്യായപ്രമാണത്തിന്റെ ക്രോഡീകരണം നടന്നു

**7) ഗ്രീക്ക് ആധിപത്യകാലത്ത് ധൈര്യമായി തങ്ങളുടെ വിശ്വാസം തുടർന്ന യെഹൂദവിഭാഗം**
**A) ഹസീഡീം**
B) ഹസൂക്ക
C) ഓർത്തഡോക്സ് യെഹൂദ
D) മക്കാബിയ യെഹൂദ

**8) യവന സംസ്കാരത്തിന്റെ സ്വാധീനവുമായി ശരിയല്ലാത്ത പ്രസ്താവന ?**
**A) മറ്റു മതങ്ങളോട് സഹകരണ മനോഭാവം വളർന്നു**
B) ബുദ്ധിയും തത്വശാസ്ത്രവും ഉപയോഗിച്ച് ജീവിത സത്യവും ജ്ഞാനവും കണ്ടെത്തുക
C) മനുഷ്യ അസ്തിത്വത്തിന്റെ ഉറവിടം മനുഷ്യ സ്വഭാവത്തിന്റെ സാഹചര്യങ്ങൾ എന്നിവയുടെ വിലയിരുത്തൽ
D) ചേലാകർമ്മം, ശബ്ബത്താചരണം എന്നിവയിൽ വ്യത്യാസങ്ങൾ ഉണ്ടായി

**9) യേശുവിനെ സ്വീകരിച്ചപ്പോൾ ശൗലിന്റെ ജീവിതത്തിൽ വന്ന പ്രധാന മാറ്റം**
**A) യേശുവിൽ വിശ്വസിക്കുന്ന എല്ലാവരും ദൈവജനമെന്നു ശൗൽ മനസ്സിലാക്കി**
B) ന്യായപ്രമാണത്തിൽ എരിവുള്ളവനായി ജീവിച്ചു
C) അപ്പോസ്തോലിക സമൂഹത്തിന്റെ നേതാവായി
D) ക്രിസ്തുസഭയെ ഉപദ്രവിക്കുന്നതിന്റെ കാഠിന്യം കുറച്ചു

**10) പൗലോസ് ശ്ലീഹായുടെ മിഷനറി യാത്രയിൽ മന്ത്രവാദികൾ മാനസാന്തരപ്പെട്ട സ്ഥലം**
**A) എഫേസൂസ്**
B) അന്ത്യോഖ്യ
C) കൈസര്യ
D) ജെറുസലേം

**11) യെഹൂദന്മാരുടെ ഹനൂക്ക പെരുന്നാളിന്റെ ആരംഭം ?**
**A) യെരുശലേം ദേവാലയം ശുദ്ധീകരിച്ചു പുനഃപ്രതിഷ്ഠ നടത്തിയത്**
B) ബാബിലോണിയൻ അധിനിവേശത്തിൽ നിന്നുള്ള സ്വാതന്ത്ര്യത്തിന്റെ ഓർമ്മ
C) യവന സംസ്കാരത്തിന് എതിരായി ഉണ്ടായ മുന്നേറ്റം
D) യവന ചിന്താ ഗതികൾ ഉപേക്ഷിച്ചവർ ആരംഭിച്ച പെരുനാൾ

**12) വിജാതീയരിൽ നിന്ന് അംഗങ്ങളെ സഭയിൽ ചേർത്തപ്പോൾ ഉണ്ടായ പ്രശ്നങ്ങൾ പരിഹരിക്കുവാൻ കൂടിയ സുന്നഹദോസ്**
**A) ജെറുസലേം**
B) എഫേസൂസ്
C) അന്ത്യോഖ്യ
D) കൽക്കദോന്യ

**13) സുവിശേഷത്തെക്കുറിച്ചു എനിക്ക് ലജ്ജയില്ല എന്ന് പൗലോസ് ശ്ലീഹാ പറയുന്നത് ഏതു ലേഖനത്തിലാണ് ?**
**A) റോമർ**
B) എബ്രായർ
C) തീത്തോസ്
D) കൊരിന്ത്യർ

**14) പൗലോസിനെയും ബർണബാസിനെയും ദേവന്മാർ എന്ന് കരുതി**

**പൂജിക്കുവാൻ ജനങ്ങൾ ശ്രമിച്ച സ്ഥലം**
**A) <u>ലുസ്ത്ര</u>**
B) അന്ത്യോഖ്യ
C) എഫേസൂസ്
D) ഇക്കോന്യ

**15) പൗലോസിന്റെ മിഷനറി യാത്രയിൽ തിമോത്തിയോസിനെ തെരെഞ്ഞെടുത്ത സ്ഥലം**
**A) <u>ലുസ്ത്ര</u>**
B) തെസ്സലോനിക്യ
C) എഫേസൂസ്
D) സൈപ്രസ്

**16) പൗലോസ് ശ്ലീഹായുടെ മൂന്നാം മിഷനറി യാത്രയുടെ ഒരു പ്രത്യേക ലക്ഷ്യം**
**A) <u>യെരുശലേമിലെ സഭയിൽ ക്ഷാമം മൂലമുള്ള സഭാം ഗങ്ങളുടെ പ്രശ്നങ്ങൾക്ക് സഹായം നൽകുക</u>**
B) പുതിയ സ്ഥലങ്ങൾ സന്ദർശിക്കുക
C) എപ്പോഴും പ്രവർത്തന നിരതനായിരിക്കുക
D) മുൻപ് സ്ഥാപിച്ച സ്ഥലങ്ങളിലെ സഭാ പ്രവർത്തനങ്ങൾ വിലയിരുത്തുക

**17) പൗലോസിന്റെ മിഷൻ യാത്രകളിൽ സന്ദർശിച്ച ആതൻസിനെ സംബന്ധിച്ചു ശരിയല്ലാത്ത പ്രസ്താവന ?**
**A) <u>ആതൻസിൽ വലിയ സഭ സ്ഥാപിച്ചു</u>**
B) തത്വജ്ഞാനികൾ ജീവിച്ചിരുന്നു
C) അവിടെ ദേവന്മാരുടെ പ്രതിഷ്ഠകൾ ഉണ്ടായിരുന്നു
D) വിദ്യാഭ്യാസത്തിലും സംസ്കാരത്തിലും പുരോഗതി പ്രാപിച്ച നഗരമാണ്

**18) പൗലോസിന്റെ മിഷനറി യാത്രയിൽ ത്രോവാസിലെ ആരാധനയിലെ പ്രത്യേകതകളെ സംബന്ധിച്ച് ഏറ്റവും ശരിയായ പ്രസ്താവന ഏത് ?**
**A) <u>ആരാധനയിൽ അപ്പം നുറുക്കലും വചനശുശ്രൂഷയും ഉണ്ടായിരുന്നു</u>**
B) ആരാധനയിൽ യെഹൂദന്മാർ കാഴ്ചക്കാരായി ഉണ്ടായിരുന്നു
C) പത്തു കല്പനകളെ സംബന്ധിച്ച വിശദീകരണം ഉണ്ടായിരുന്നു
D) വചനശുശ്രൂഷയ്ക്ക് ജനങ്ങൾ നേതൃത്വം നൽകി

**19) സന്ധ്യനമസ്കാ രത്തിലെ ലുത്തീനിയകളിൽ ത്രിത്വ നാമത്തിലുള്ള തുടക്കം കഴിഞ്ഞാൽ പിന്നീട് ഉള്ള അപേക്ഷ എന്താണ് ?**
**A) <u>നമ്മുടെ തന്നെ വിശുദ്ധി ക്കുവേണ്ടിയുള്ള അപേക്ഷ</u>**
B) പരീക്ഷകളിൽ അകപ്പെടാതിരിക്കാനുള്ള അപേക്ഷ
C) വ്യക്തിജീവിതത്തിലെ ആവശ്യങ്ങൾക്കുവേണ്ടിയുള്ള അപേക്ഷ
D) തീ നരകത്തിൽ നിന്നും രക്ഷിക്കേണമേ എന്ന അപേക്ഷ

**20) നിന്നോടും ഞങ്ങൾ തമ്മിൽ തമ്മിലും സ്നേഹവും ഐക്യവും പാലിക്കാനും ................ ................ ജീവിപ്പാനും ശത്രുതയും മത്സരവും അസൂയയും മാഞ്ഞുപോകുവാനും സഹായിക്കേണമേ**
**A) <u>സമാധാനത്തിലും ശാന്തിയിലും</u>**
B) പ്രാർത്ഥനയിലും സ്നേഹത്തിലും
C) സ്നേഹത്തിലും ശാന്തിയിലും
D) പ്രാർത്ഥനയിലും സമാധാനത്തിലും

**21) സന്ധ്യ പ്രാർത്ഥനയിൽ ഏതൊക്കെ യാമങ്ങളിലെ പ്രാർത്ഥനകൾ ആണ് ഒരുമിച്ചു നടത്താറുള്ളത് ?**
**(i ) സന്ധ്യ (ii) മൂന്നാം മണി (iii) ആറാം മണി (iv) ഒൻപതാം മണി (v )**

**സൂത്താറ (vi) പാതിരാത്രി**
**A) (iv), (i), (v)**
B) (iii), (i), (v)
C) (iv), (i), (vi)
D) (i), (v), (Vii)

**22) ഒൻപതാം മണി നമസ്കാരം കർത്താവിന്റെ കഷ്ടാനുഭത്തിന്റെ ഏതു ഭാഗവുമായി ബന്ധപ്പെടുത്തിയിരിക്കുന്നു?**
**A) കർത്താവ് പ്രാണനെ വിട്ടു**
B) കർത്താവിനെ ബന്ധിക്കുന്നു
C) കർത്താവിനെ ക്രൂശിൽ തറച്ചു
D) കർത്താവിനെ സംസ്കരിച്ചു

**23) തന്നിരിക്കുന്നവരിൽ യെശയ്യാ പ്രവാചകന്റെ സമകാലീനൻ**
**A) ഹോശേയ**
B) യിരെമ്യാവ്
C) ദാനിയേൽ
D) യോവേൽ

**24) 'ദൈവമുയർത്തു മഹത്വത്തോ...........' എന്ന ഗീതത്തിൽ മാലാഖമാർ ഉടയവനെ സ്തുതിച്ചത് എന്തിനാണെന്നാണ് പറയുന്നത്**
**A) ആദാമിനെയും മക്കളെയും ഉയർപ്പിച്ചതിന്**
B) ദൈവം ഉയർത്തതിന്റെ സന്തോഷത്തിൽ
C) ദൈവം മനുഷ്യരുടെ ഇടയിൽ നിന്ന് തിരികെ സ്വർഗത്തിലേക്ക് വന്നതിന്
D) എല്ലാ ഉത്തരവും ശരിയാണ്

**25) ദൈവമേ നിന്റെ സൃഷ്ടിയുടെ സംവിധാനം എത്രയോ മനോഹരമാണ് എന്ന് വർണിക്കുന്ന ഗീതം**
**A) റിജുമതികൾക്കിരുളിൽ ...**
B) അത്ഭുതമാം ....
C) രാജ്യത്തിന് വാതിൽ ..
D) ദൈവമുയർത്തു ...

**26) ഉയർപ്പിന് ശേഷം മറിയാമും തോട്ടക്കാരനും (ദൈവപുത്രൻ ) തമ്മിലുള്ള സംഭാഷണം പ്രതിപാദിക്കുന്ന വേദഭാഗം**
**A) വി. യോഹന്നാൻ 20: 15-18**
B) വി. യോഹന്നാൻ 19: 15-18
C) വി.ലൂക്കോസ് 20: 5-8
D) വി.ലൂക്കോസ് 18: 6-15

**27) 1 പത്രോസ് 3:19 ന്റെ പ്രതിപാദ്യ വിഷയം**
**A) കർത്താവു ബന്ധനത്തിലായിരുന്ന ആത്മാക്കളോട് സുവിശേഷം അറിയിച്ചു**
B) കർത്താവ് ഉയർത്തെഴുന്നേറ്റു
C) ദൈവം ഉയിർത്തു ആദാമിനെയും മക്കളെയും ജീവിപ്പിച്ചു
D) കർത്താവിന്റെ ഉത്ഥാനം പത്രോസും യോഹന്നാനും ദർശിച്ചു

**28) കുരിശുയുദ്ധങ്ങളെ സംബന്ധിച്ചു ശരിയായ പ്രസ്താവനകൾ അടങ്ങിയ ഗ്രൂപ്പ് തെരഞ്ഞെടുക്കുക**
**(i) 1095 ൽ കുരിശുയുദ്ധം ആരംഭിച്ചു**
**(ii) ലൂയി ഒൻപതാമൻ രാജാവാണ് അവസാനത്തെ കുരിശുയുദ്ധം നയിച്ചത്**
**(iii) യെരുശലേം നഗരത്തെ സെലൂഷ്യൻ തുർക്കികളിൽ നിന്നും വീണ്ടെടുക്കുക**

**(iv) ഈജിപ്റ്റിനെ വിദേശികളിൽ നിന്നും സംരക്ഷിക്കുക**
**(v) പടിഞ്ഞാറൻ - കിഴക്കൻ സഭകൾ തമ്മിലുണ്ടായ പ്രശ്നങ്ങൾ**
**(vi) ഇന്നസെന്റ് മൂന്നാമൻ മാർപാപ്പ കുട്ടികളുടെ കുരിശുയുദ്ധം നയിച്ചു**

**A) (i) (iii) (vi)**
B) (ii), (iii), (vi)
C) (i), (iv), (vi)
D) (iv), (v), (vi)

**29) 1054 ൽ ആഗോള സഭയിൽ ഉണ്ടായ പ്രധാന സംഭവം ?**
**A) റോമൻ സഭയും ബൈസെന്റയിൻ സഭയും രണ്ടായി പിരിഞ്ഞു**
B) റോമൻ തലസ്ഥാനം കുസ്തന്തിനോ പൊലീസിലേക്ക് മാറ്റി
C) യൂറോപ്പിന് പുറത്തേക്ക് മിഷനറി പ്രവർത്തനം വ്യാപിച്ചു
D) ആരാധനയിൽ പുതിയ ക്രമീകരണങ്ങൾ ഉണ്ടായി

**30) മലങ്കര സഭയെ കുറച്ചു കാലത്തേയ്ക്ക് പോർട്ടുഗീസ് അധീശത്വത്തിൽ കൊണ്ടുവന്ന സുന്നഹദോസ്**
**A) ഉദയംപേരൂർ**
B) മാവേലിക്കര
C) അങ്കമാലി
D) കണ്ടനാട്

**31) കൂനൻ കുരിശ് സത്യത്തിന്റെ പ്രത്യേകതകളിൽ ഉൾപ്പെടാത്തത് തെരഞ്ഞെടുക്കുക ?**
**A) നവീകരണ പ്രസ്ഥാനത്തിന് എതിരായിരുന്നു**
B) മലങ്കരയിലെ ഭൂരിപക്ഷം കുടുംബങ്ങളും മാതൃസഭയിലേക്ക് തിരികെ വന്നു
C) ഭാരതത്തിൽ വിദേശ ആധിപത്യത്തിനെതിരായി നടന്ന ആദ്യത്തെ സ്വതന്ത്ര്യ സമരം
D) മലങ്കരനസ്രാണികളുടെ ശക്തി തെളിയിച്ച സംഭവം

**32) ശ്ലൈഹീകവും കുറ്റമില്ലാമില്ലാത്തതുമായ ഏകവിശ്വാസത്തെ പാലിച്ച പിതാക്കന്മാരെ സ്മരിക്കുന്ന തുബ്ദേൻ**
**A) 5**
B) 3
C) 2
D) 6

**33) പൗലോസ് ശ്ലീഹായുടെ മൂന്നാം മിഷനറി യാത്രയിൽ എഫേസൂസിൽ വച്ചുണ്ടായ സംഭവങ്ങളിൽ ഉൾപ്പെടാത്ത തെരഞ്ഞെടുക്കുക**
**A) വെളിച്ചപ്പാടത്തിയായ അടിമപ്പെൺകുട്ടിക്ക് സൗഖ്യം ലഭിച്ചു**
B) വിഗ്രഹ നിർമാതാക്കൾ പ്രക്ഷോഭം നടത്തി
C) മന്ത്രവാദികൾ മനസാന്തരപ്പെട്ടു
D) യോഹന്നാന്റെ ശിഷ്യന്മാരെ മാമ്മോദീസ മുക്കി

**34) 'നിങ്ങൾ തിരിഞ്ഞു ശിശുക്കളെപ്പോലെ ...' എന്ന് യേശു പറഞ്ഞത് ആരെ വഹിച്ചുകൊണ്ടാണ് എന്നാണ് പറയപ്പെടുന്നത് ?**
**A) വി.ഇഗ്നാത്തിയോസ് നൂറോനോ**
B) യെരുശലേമിലെ വി.യാക്കോബ്
C) അലക്സാന്ത്രിയയിലെ വി.ദിവന്നാസിയോസ്
D) റോമിലെ വി. ക്ളീമിസ്

**35) Chrisostom എന്ന വാക്കിന്റെ അർത്ഥം**
**A) സ്വർണനാവുകാരൻ**
B) ക്രിസ്തുവിനെപ്പോലെ ജീവിക്കുന്നവൻ
C) ദൈവ വചനം പ്രസംഗിക്കുന്നവൻ

D) ദൈവശാസ്ത്രജ്ഞൻ

**36) യെഹൂദാ മതാനുഷ്ഠാനങ്ങളെ 'വഹിക്കുവാൻ വയ്യാത്ത നുകം' എന്ന് വിശേഷിപ്പിച്ച വ്യക്തി ?**
**A) വിശുദ്ധ പത്രോസ് ശ്ലീഹ**
B) വിശുദ്ധ പൗലോസ് ശ്ലീഹ
C) വിശുദ്ധ യാക്കോബ് ശ്ലീഹാ
D) വിശുദ്ധ അന്ത്രയോസ് ശ്ലീഹ

**37) വിശുദ്ധ റൂഹായുടെ കിന്നരം എന്നറിയപ്പെട്ടിരുന്ന പിതാവ്**
**A) മാർ അപ്രേം**
B) മാർ ബാലായി
C) മാർ ബർസൗമ
D) നിനെവായിലെ മാർ ഇസഹാക്

**38) പ്രാർത്ഥന പൂരിപ്പിക്കുക.**
**................. പിതാവായ ആകാശത്തിന്റെയും ഭൂമിയുടെയും കാണപ്പെടുന്നവയും കാണപ്പെടാത്തവയുമായ സകലത്തിന്റെയും സൃഷ്ടാവായ .......... ഞങ്ങൾ വിശ്വസിക്കുന്നു**
**(i) ദൈവമായ (ii) പിതാവിൽ (iii) സത്യ ഏക ദൈവത്തിൽ (iv) സർവ്വശക്തിയുള്ള v)സൃഷ്ടാവായ , (vi) ഉപജ്ഞാതാവായ (vii) കർത്താവിൽ**
**A) (iv), (iii)**
B) (v), (iii)
C) (i), (vii)
D) (i), (ii)

**39) പരിശുദ്ധ ത്രിത്വത്തെ സാക്ഷിക്കുന്ന വേദഭാഗം**
**A) 1 യോഹന്നാൻ 5:8**
B) 1 യോഹന്നാൻ 5:2
C) 1 യോഹന്നാൻ 8:5
D) 1 യോഹന്നാൻ 8:2

**40) 2024 ഡിസംബർ മാസത്തിൽ പരിശുദ്ധ കാതോലിക്കാ ബാവയ്ക്ക് ലഭിച്ച പുരസ്കാരം**
**A) റഷ്യൻ ഗവൺമെന്റിൽ നിന്നും**
B) അബുദാബി ഗോവെർന്മെന്റിൽ നിന്നും
C) ഓസ്ട്രേലിയൻ ഗവൺമെന്റിൽ നിന്നും
D) അമേരിക്കൻ ഗവൺമെന്റിൽ നിന്നും

**41) സഭയെ വിശുദ്ധമെന്നു പറയുന്നത് എന്തുകൊണ്ട്**
**A) പരിശുദ്ധാത്മാവ് വസിക്കുന്ന സമൂഹമായതുകൊണ്ട്**
B) പരിശുദ്ധരായ വ്യക്തികൾ ഉള്ളതുകൊണ്ട്
C) മൂറോൻ കൂദാശ നടത്തുന്നത് കൊണ്ട്
D) സുവിശേഷ ഘോഷണം നടത്തുന്നത് കൊണ്ട്

**42) മലബാർ ഭദ്രാസനാധിപനായിരുന്ന അഭിവന്ദ്യ തോമസ് മാർ തിമോത്തിയോസ് മെത്രാപോലിത്ത, കാതോലിക്കാബാവാ ആയപ്പോൾ സ്വീകരിച്ച പേര്**
**A) ബസേലിയോസ് മാർത്തോമാ ദിദിമോസ് പ്രഥമൻ**
B) ബസേലിയോസ് മാർത്തോമാ മാത്യൂസ് തൃതീയൻ
C) ബസേലിയോസ് മാർത്തോമാ പൗലോസ് തൃതീയൻ
D) ബസേലിയോസ് മാർത്തോമാ മാത്യൂസ് പ്രഥമൻ

**43) മലങ്കര സഭയിൽ കൊങ്കിണി ഭാഷ ഉപയോഗിക്കുന്ന ഭദ്രാസനം**
<u>A) ബ്രഹ്മവാർ</u>
B) ദിമാപുർ
C) ഗോവ
D) അഹമ്മദാബാദ്

**44) ഇരുപതാം നൂറ്റാണ്ടിന്റെ ആരംഭത്തിൽ ജാതി വ്യവസ്ഥയെ എതിർക്കുന്നതിൽ മുന്നിൽ നിന്ന പിതാവ്**
<u>A) പത്രോസ് മാർ ഒസ്താത്തിയോസ്</u>
B) പൗലോസ് മാർ ഗ്രീഗോറിയോസ്
C) ഗീവർഗീസ് മാർ ഒസ്താത്തിയോസ്
D) സ്തെഫാനോസ് മാർ തേവോദോസിയോസ്

**45) ഏറ്റവും അവസാനമായി മലങ്കരസഭ നൽകിയ ആദരവ്**
<u>A) ഗുരുരത്ന പുരസ്കാരം</u>
B) മലങ്കര സഭാരത്നം
C) വേദവചന ഭൂഷൺ
D) ഓർഡർ ഓഫ് സെൻറ് തോമസ്

**46) ഗീവർഗീസ് മാർ ഒസ്താത്തിയോസ് തിരുമേനി രചിച്ച ഗ്രന്ഥങ്ങളിൽ ഉൾപ്പെടാത്തത് ഏത്**
<u>A) Patriot and Saint</u>
B) Theology of a classless society
C) The sin of being rich in a poor world
D) One religion of love

**47) പരസ്യങ്ങൾ ഭക്ഷണ ശീലങ്ങളെ സ്വാധീനിക്കുന്നതുമായി ബന്ധപ്പെട്ട് ശരിയല്ലാത്ത പ്രസ്താവന ?**
<u>A) ഫാസ്റ്റ് ഫുഡും എനർജി ഡ്രിങ്കുകളും പരസ്യങ്ങളിൽ കൂടി കുട്ടികളെ സ്വാധീനിക്കാറില്ല</u>
B) പല പരസ്യങ്ങളും യാഥാർഥ്യവുമായി പൊരുത്തപ്പെടാറില്ല
C) ഇഷ്ട താരങ്ങൾ പറയുന്ന പരസ്യങ്ങൾ കുട്ടികൾ സത്യമെന്ന് വിശ്വസിക്കാറുണ്ട്
D) പരസ്യത്തിൽ കൂടി പറയുന്ന കള്ളങ്ങൾ പലവട്ടം കേൾക്കുമ്പോൾ സത്യമെന്ന് തോന്നാറുണ്ട്

**48) കുടുംബത്തെ നില നിർത്തുന്ന അടിസ്ഥാന പ്രമാണങ്ങളിൽ ഉൾപ്പെടാത്തത് ഏത്**
<u>A) ഓരോരുത്തരുടെയും സമയ ക്രമമനുസരിച്ചു പ്രാർത്ഥന നടത്തുക</u>
B) ഒന്നിച്ചു തീരുമാനങ്ങൾ എടുക്കുന്നു
C) ഒന്നിച്ചു ഭക്ഷണം കഴിക്കുക
D) ഒരുമിച്ചിരുന്നു സംസാരിക്കുക

**49) യൗവനത്തിലെ ആത്മീയതയുടെ പ്രത്യേകതകളിൽ പൂർണമായി ശരിയല്ലാത്തത് തെരഞ്ഞെടുക്കുക**
<u>A) ആത്മീയ കാര്യങ്ങളിൽ മുതിർന്നവരെ അതേപടി അനുസരിക്കുന്നു</u>
B) ആത്മനിഷ്ഠയിൽ നിന്ന് വസ്തുനിഷ്ഠയിലേക്ക് കടക്കുന്നു
C) ആത്മീയ ജീവിതത്തെക്കുറിച്ചു തീരുമാനങ്ങൾ എടുക്കുന്നു
D) ആത്മീയ ജീവിതത്തിന് ആധികാരിക ഭാവം ഉണ്ടാകുന്നു

**50) ഗീതം പൂരിപ്പിക്കുക.**
**എന്നെത്തന്നെ ............**
**.................. നാഥാ .**
**എന്നെ നിനക്ക് ........**

**............... കൃപചെയ്യ .**
**(i) കാഴ്ചയതായ് (ii)സന്നിധിയിൽ (iii) തിരുമുമ്പിൽ (iv) സുഗന്ധമതായ് (v) താഴ്മയതായി (vi) കാഴ്ചയാണപ്പാനും (vii) അർപ്പിക്കാനും (viii) സമർപ്പിക്കാനും (ix) യാഗമതായ്**

**A) (ii), (vi), (iv), (vii)**
B) (iii), (viii), (v), (vi)
C) (iii), (vi), (i), (vii)
D) (ii), (vi), (v), (viii)